**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4074** **03-03-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ നിർമ്മാണ, വിതരണ സ്ഥാപനങ്ങൾ പാലിക്കേണ്ട വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പരിശോധനയെ തുടർന്ന് പൂട്ടുന്ന ഭക്ഷ്യ നിർമ്മാണ, വിതരണ സ്ഥാപനങ്ങൾ വീണ്ടും തുറന്ന് പ്രവർത്തിക്കുന്നതിന് നിലവിൽ എന്തെല്ലാം വ്യവസ്ഥകളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പരിശോധനയെ തുടർന്ന് പൂട്ടുന്ന സ്ഥാപനങ്ങൾ വീണ്ടും തുറന്ന് പ്രവർത്തിയ്ക്കുന്നതിന് ചുവടെ ചേർത്തിട്ടുള്ള മാനദണ്ഡങ്ങൾ പാലിയ്ക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വൃത്തിഹീനമായ സാഹചര്യത്തിൽ നടത്തിയതായി കണ്ടെത്തി പൂട്ടിയ സ്ഥാപനങ്ങളുടെ ന്യൂനതകൾ പരിഹരിക്കപ്പെട്ടിട്ടുണ്ടോ എന്ന് പ്രത്യേക സ്ക്വാഡ് പരിശോധിച്ച് Food Safety and Standards (Food Licensing and Registration) Regulation 2011 ലെ ഷെഡ്യൂൾ 4 പ്രകാരം നിർദ്ദേശിച്ചിരിയ്ക്കുന്ന ശുചിത്വ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. പരിശോധിച്ച് റിപ്പോർട്ട് ലഭിയ്ക്കുന്ന മുറയ്ക്ക് ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർ കോമ്പൗണ്ടിംഗ് ഉൾപ്പെടെയുള്ള നടപടി പൂർത്തിയാക്കി തുറന്ന് പ്രവർത്തിയ്ക്കുന്നതിനുള്ള അനുമതി നൽകുന്നതാണ്.<br><br>സ്ഥാപനം ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ നിലവിൽ കരസ്ഥമാക്കിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതാണ്.<br><br>തുടർ പരിശോധന നടത്തുന്നതിന്റെ ഭാഗമായി തയ്യാറാക്കുന്ന മഹസ്സർ ഭക്ഷ്യ സംരംഭകർ, സാക്ഷികൾ എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.<br><br>FoSTaC ട്രെയിനിംഗ് സർട്ടിഫിക്കറ്റ് ഇല്ലാത്ത സ്ഥാപനങ്ങൾ ഒരു മാസത്തിനുള്ളിൽ ട്രെയിനിംഗിന് ഹാജരായി സർട്ടിഫിക്കറ്റ് ലഭ്യമാക്കാമെന്നും മേലിൽ ന്യൂനതകൾ കൂടാതെ പ്രവർത്തിച്ചുകൊള്ളാമെന്നും ഭക്ഷ്യ സംരംഭകനിൽ നിന്നും ഒരു സത്യവാങ്മൂലം എഴുതി വാങ്ങുന്നതും ആയത് ഉറപ്പുവരുത്തുന്നതുമാണ്. |

| | | | |
|---|---|---|---|
| | | | ലൈസൻസ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ മൂന്നുമാസത്തിനകം ഹൈജീൻ റേറ്റിംഗ് നടത്തി സർട്ടിഫിക്കറ്റ് ഹാജരാക്കാം എന്നുള്ള സത്യവാങ്മൂലം കൂടി എഴുതി വാങ്ങുന്നതും ആയത് ഉറപ്പുവരുത്തുന്നതുമാണ്.<br><br>പൂട്ടിയ സ്ഥാപനങ്ങൾ ആവർത്തിച്ച് കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങൾ ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുറന്നു പ്രവർത്തിയ്ക്കുവാൻ അനുവദം നൽകുകയുള്ളൂ. സ്ഥാപനങ്ങൾ ആവർത്തിച്ച് നിയമലംഘനം നടത്തുന്നുണ്ടോ എന്ന് അറിയുന്നതിനും പരിശോധിക്കുന്നതിനും വേണ്ടി അത്തരം സ്ഥാപനങ്ങളുടെ ലിസ്റ്റ് ജില്ലകളിൽ സൂക്ഷിക്കുന്നതാണ്.<br><br>ഇപ്രകാരം തുറന്നു പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളിൽ രണ്ട് ആഴ്ചയ്ക്കകം പുനഃപരിശോധന നടത്തുന്നതാണ്. എന്നാൽ ഒരിക്കൽ സസ്പെൻഡ് ചെയ്ത ലൈസൻസ് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ അനുമതിയോടു കൂടി മാത്രമാണ് പിന്നീട് അനുവദിക്കുന്നത് . |
| (ബി) | ഭക്ഷ്യസുരക്ഷയുടെ പരിശോധനയ്ക്ക് നിലവിൽ മറ്റ് ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | ഭക്ഷ്യ സുരക്ഷാ പരിശോധനകൾക്ക് നിലവിൽ മറ്റ് ഏജൻസികളെ ഒന്നും തന്നെ ചുമതലപ്പെടുത്തിയിട്ടില്ല. |
| (സി) | ഭക്ഷ്യ നിർമ്മാണ, വിതരണ സ്ഥാപനങ്ങളിൽ മാനദണ്ഡ പ്രകാരം നിർദ്ദിഷ്ട ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ആഴ്ചയിൽ ഒരിക്കലെങ്കിലും പരിശോധന നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; | (സി) | ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു ഭക്ഷ്യ സുരക്ഷാ ഓഫീസർ ആണ് ചുമതല വഹിയ്ക്കുന്നത്. ലഭ്യമായ മാനവവിഭവശേഷി ഉപയോഗിച്ച് കാര്യക്ഷമമായി പരിശോധനകൾ നടന്നി വരുന്നു. ഭക്ഷ്യ നിർമ്മാണ, വിതരണ സ്ഥാപനങ്ങൾ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം അനുശാസിയ്ക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തിയ്ക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്തി വരുന്നു. |
| (ഡി) | പ്രസ്തുത പരിശോധനയിലൂടെ ഓരോ സ്ഥാപനത്തിനും ഹൈജീൻ റേറ്റിങ് ഏർപ്പെടുത്തുന്നതിനും പ്രസ്തുത റേറ്റിങ് അതത് സ്ഥാപനം ബോർഡ് വച്ച് പ്രദർശിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ശുദ്ധവും വൃത്തിയുള്ളതുമായ ഭക്ഷണപദാർത്ഥങ്ങൾ പൊതുജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനായി **FSSAI** യുടെ സഹായത്തോടെ **14** ജില്ലകളിൽ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കഫേകൾ തുടങ്ങിയ സ്ഥാപനങ്ങൾക്കു റേറ്റിംഗ് നൽകി അംഗീകാരം നൽകി വരുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി **1100** ലധികം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവർക്ക് റേറ്റിങ് നല്കാൻ സാധിച്ചിട്ടുണ്ട്. കൂടുതൽ സ്ഥാപനങ്ങൾക്ക് റേറ്റിംഗ് ഏർപ്പെടുത്തുന്നതിനും |

| | | | |
|---|---|---|---|
| | | | അവ മൊബൈൽ ആപ്ലിക്കേഷൻ വഴി പൊതുജനങ്ങൾക്ക് അറിയുന്നതിനുമുള്ള നടപടി സ്വീകരിച്ച് വരുന്നു. മൊബൈൽ ആപ്ലിക്കേഷൻ, പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള പോർട്ടൽ എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രവർത്തനം അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ